# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1061** 21/03/2013 ൽ മറുപടിക്ക്

എസ്.എസ്.എ ഫണ്ട് വിനിയോഗ നിജസ്ഥിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി 2012-13 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച 453 കോടി രൂപയിൽ നിന്നും സംസ്ഥാന സർക്കാർ ഇതുവരെ എത്ര തുക ചെലവഴിച്ചു; ഇനി ആഴ്ചകൾ മാത്രം അവശേഷിക്കവേ എത്ര തുക ചെലവഴിക്കാനുണ്ട്; വിശദമാക്കുമോ; | എ) | 2012-13ല്‍ ൽ കേന്ദ്ര സർക്കാർ അനുവദിച്ച അടങ്കൽ തുക 523 കോടി രൂപയാണ്. ഈ തുകയിൽ 65% ( 340 കോടി രൂപ) കേന്ദ്ര വിഹിതവും, 35% (183 കോടി രൂപ) സംസ്ഥാന വിഹിതവുമാണ്. കേന്ദ്ര ത്തിൽനിന്നും സംസ്ഥാന സർക്കാരിൽ നിന്നും എസ്.എസ്.എക്ക് ലഭിച്ച തുക 411 കോടി രൂപയാണ്. ലഭിച്ച തുകയിൽ 2013 ഫെബ്രുവരി 28 വരെ ആകെ ചെലവഴിച്ച തുക 281.39 കോടി രൂപയാണ്. 2013 മാർച്ച് 31 നകം 100 കോടി രൂപ കൂടി ചെലവഴിക്കുമെന്ന് പ്രതീക്ഷിക്കുന്നു |
| ബി) | സൗജന്യ പാഠപുസ്തക വിതരണം,ഗവേഷണം, അദ്ധ്യാപക പരിശീലനം, സ്കൂൾ ഗ്രാന്റ് തുടങ്ങി പതിനൊന്നിന പദ്ധതികൾക്കായി സർവ്വ ശിക്ഷാ അഭിയാൻ(എസ്.എസ്.എ) വഴി കേന്ദ്രം അനുവദിച്ച കോടിക്കണക്കിന് രൂപ ചെലവഴിക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുക; | ബി) | സൗജന്യ പാഠപുസ്തക വിതരണം,ഗവേഷണം. അദ്ധ്യാപക പരിശീലനം, സ്കൂൾ ഗ്രാന്റ് തുടങ്ങിയ ഇടപെടൽ മേഖലകളിൽ സർവ ശിക്ഷാ അഭിയാൻ വഴി തുക ചെലവഴിച്ച് വരുന്നു. |
| സി) | ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി, പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി തുടങ്ങിയവയ്ക്കായി എന്ത് തുക ലഭിച്ചു; എത്ര തുക | സി) | ന്യൂന പക്ഷ വദ്യാർത്ഥികളുടെ വദ്യാഭ്യാസ പുരോഗതിക്കായി 75.74 ലക്ഷം രൂപ അനുവദിച്ചു. 35.01 ലക്ഷം രൂപ ചിലവഴിച്ചു. ജില്ലകളിൽ തുടർപ്രവർത്തനങ്ങൽ നടന്നുവരുന്നു. അനുവദിച്ച തുക പൂർണമായി വിനിയോഗിക്കുന്നതാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി 192.92 ലക്ഷം രൂപ അനുവദിച്ചു. 113.02 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | ചെലവാക്കി; എത്ര തുക പാഴാക്കി; വിശദമാക്കുക; | | ചെലവായി. ജില്ലകളിൽ തുടർ പ്രവർത്തനങ്ങൽ നടന്നുവരുന്നു. അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്നതാണ്. |
| ഡി) | അഞ്ചുവയസ്സു വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാൻ എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ചെലവഴിക്കാനുണ്ട്; | ഡി) | 98.90 ലക്ഷം രൂപ അനുവദിച്ചു. 66.12 ലക്ഷം രൂപ ചിലവഴിച്ചു. ജില്ലകളിൽ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. അനുവദിച്ച തുക പൂർണമായി വിനിയോഗിക്കുന്നതാണ്. |
| ഇ) | അധ്യാപകരുടെ ഗവേഷണത്തിനും നിലവാര വർദ്ധനവിനുമുള്ള നടപടികൾക്കായി എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; ഇനി എത്ര തുക ചെലവഴിക്കാനുണ്ട്; | ഇ) | അധ്യാപകരുടെ ഗവേഷണത്തിനും നിലവാര വർദ്ധനവിനുമുള്ള നടപടികൾക്കായി 157.21 ലക്ഷം രൂപ അനുവദിച്ചതിൽ 74.49 ലക്ഷം രൂപ (47.38%) ചെലവഴിച്ചു; |
| എഫ്) | ഒന്നു മുതൽ എട്ടുവരെ ക്ളാസുകളിലെ അദ്ധ്യാപകർക്ക് പരിശീലനത്തിനും മറ്റുമായി എത്ര തുക ലഭിച്ചു; എത്ര തുക ചെലവാക്കി; വിശദമാക്കുമോ; | എഫ്) | ഒന്നു മുതൽ എട്ടുവരെ ക്ളാസുകളിലെ 1,26,000 അധ്യാപകർക്ക് 10 ദിവസം വെക്കേഷൻ പരിശീലനവും, 10 ദിവസം ക്ലസ്റ്റർ പരിശീലനവും ഉൾപ്പടെ 20 ദിവസം പരിശീലനം നൽകാൻ സർവശിക്ഷാ അഭിയാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പരിശീലന നയരൂപീകരണത്തിൽ മാറ്റം സംഭവിച്ചതിനാൽ ട്രെയിനിംഗ് ടാർജറ്റ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 2012-13 ൽ 5 ദിവസത്തെ ക്ലസ്റ്റർ പരിശീലനം മാത്രമേ നടത്താൻ കഴിഞ്ഞിട്ടുള്ളു. കേന്ദ്ര ഗവൺമെൻറ് പരിശീലന കാലയളവ് വിലയിരുത്തി 20 ദിവസത്തെ പരിശീലനം 7 ദിവസമാക്കി കുറച്ചിട്ടുണ്ട്. |
| ജി) | ഇത്തരത്തിൽ ഒരോ പദ്ധതികൾക്കുമായി ലഭിച്ച തുകയിൽ ഏതെല്ലാം പദ്ധതികൾക്കായുള്ള തുക മറ്റു പ്രവൃത്തികൾക്കും, കമ്പ്യൂട്ടർ വാങ്ങൽ ഉൾപ്പടെയുള്ളവയ്ക്കുമായി വകമാറ്റി ചെലവാക്കിയിട്ടുണ്ട്; വിശദമാക്കുമോ? | ജി) | സർവ ശിക്ഷാ അഭിയാൻ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

5ഭ.